"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ. വി. ജെ. തോമസ് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 40904/2023 മേലുള്ള വിധിന്യായം നടപ്പിലാക്കി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.143/2025/LSGD തീയതി,തിരുവനന്തപുരം, 16-01-2025

---

പരാമർശം:-

1. ആലപ്പുഴ നഗരസഭാ സെക്രട്ടറിയുടെ 28.12.2021 ലെ H7-28768/19 നമ്പർ കത്ത്.
2. ശ്രീ. വി. ജെ. തോമസ് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 40904/2023 മേലുള്ള 12.09.2024 തീയതിയിലെ വിധിന്യായം
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.10.2024 ലെ LSGD/PD/41053/2023-DEF4 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ നഗരസഭയിലെ സാനിട്ടേഷൻ വിഭാഗം ജീവനക്കാരനായ ശ്രീ.വി.ജെ.തോമസിന്റെ 2004 ലെ ശമ്പള പരിഷ്കരണ ഓപ്ഷനിൽ സംഭവിച്ച അപാകത മൂലം ടിയാന് സേവനാനുകൂല്യങ്ങളിൽ നഷ്ടം സംഭവിച്ചിട്ടുള്ളതായും, ആയതിനാൽ ഓപ്ഷൻ തിരുത്തി നൽകുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്നും പരാമർശം (1) പ്രകാരം ആലപ്പുഴ നഗരസഭാ സെക്രട്ടറി അപേക്ഷിച്ചിരുന്നു. കൂടാതെ ശ്രീ.വി.ജെ.തോമസ് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 40904/2023 മേലുള്ള പരാമർശം (2) വിധിന്യായപ്രകാരം, ആലപ്പുഴ നഗരസഭാ സെക്രട്ടറി സമർപ്പിച്ചിരിക്കുന്ന Exhibit P9 നിവേദനം പരാതിക്കാരൻ ഒന്നാം കക്ഷി മുമ്പാകെ ഹാജരാക്കുന്നതിനും ആയതിൻമേൽ ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനകം ഒന്നാം കക്ഷിയായ സർക്കാർ തീരുമാനമെടുക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

2. മേൽ പ്രകാരം ഇക്കാര്യം വിശദമായി പരിശോധന നടത്തിയതിൽ, നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ 01.07.2004 പ്രാബല്യത്തിൽ പരിഷ്കരിച്ച് കൊണ്ട് പുറപ്പെടുവിച്ച 07.06.2007 ലെ സ.ഉ (എം.എസ്) നം.153/2007/തസ്വഭവ, 01.07.2009 പ്രാബല്യത്തിൽ പരിഷ്കരിച്ച് കൊണ്ട് പുറപ്പെടുവിച്ച 25.08.2011-ലെ സ.ഉ (എം.എസ്) നം.200/2011/തസ്വഭവ നമ്പർ ഉത്തരവുകളിലെ ഖണ്ഡിക IX, ഖണ്ഡിക VIII-ൽ (യഥാക്രമം) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ ശമ്പളപരിഷ്കരണത്തെ സംബന്ധിച്ച് പിന്നീട് സർക്കാർ പുറപ്പെടുവിക്കുന്ന ഭേദഗതികൾ എന്നിവ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കും ബാധകമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 24.03.2012 ലെ ജി.ഒ (പി) 176/2012/(56)/ഫിൻ നമ്പർ ഉത്തരവ് നഗരസഭകളിലെ കണ്ടിജന്റ്

വിഭാഗം ജീവനക്കാർക്ക് ബാധകമാക്കി പ്രത്യേകം ഉത്തരവിന്റെ ആവശ്യമില്ല. പ്രസ്തുത ഉത്തരവ് 2009 ശമ്പളപരിഷ്കരണത്തിന് റീ-ഓപ്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവാണ്. Ext.P9 പ്രകാരം ശ്രീ.വി.ജെ.തോമസ് 2004 ശമ്പള പരിഷ്കരണത്തിനാണ് റീ-ഓപ്ഷൻ ആവശ്യപ്പെട്ടിരിക്കുന്നത്.

3. നഗരസഭ/മുനിസിപ്പാലിറ്റി കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ 01.07.2004 പ്രാബല്യത്തിൽ പരിഷ്കരിച്ച് കൊണ്ട് പുറപ്പെടുവിച്ച 07.06.2007 ലെ സ.ഉ (എം.എസ്) നം.153/2007/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക IV-ൽ തന്നെ ഒരിക്കൽ സമർപ്പിക്കുന്ന ഓപ്ഷൻ അന്തിമമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 2004, ശമ്പള പരിഷ്കരണ ഉത്തരവിലെ (25.03.2006 ലെ G.O (P) No.145/2006/ധന) അനക്സർ II, ചട്ടം 15 പ്രകാരം ശമ്പള പരിഷ്കരണത്തിന് ഒരിക്കൽ സമർപ്പിക്കുന്ന ഓപ്ഷൻ അന്തിമമാണെന്നും, ചട്ടം 16 പ്രകാരം, ശമ്പള പരിഷ്കരണത്തിന് സമർപ്പിച്ചിരുന്ന ഓപ്ഷൻ തീയതിക്ക് മുൻകാല പ്രാബല്യത്തിൽ ശമ്പള സ്കെയിലിൽ പരിഷ്കരണമോ വ്യതിയാനമോ വരുന്ന സാഹചര്യങ്ങളിൽ മാത്രമേ റീ-ഓപ്ഷൻ അനുവദിക്കാനാവുകയുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ.വി.ജെ.തോമസ് 2004 ശമ്പള പരിഷ്കരണത്തിന് തെരെഞ്ഞെടുത്ത ഓപ്ഷൻ തീയതിക്ക് മുൻകാല പ്രാബല്യത്തിൽ ശമ്പള സ്കെയിലിൽ പരിഷ്കരണമോ വ്യതിയാനമോ വന്നിട്ടുള്ളതല്ല. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ യഥാസമയം പാലിക്കേണ്ടത് ജീവനക്കാരുടെ കടമയാണ്. ഒരു വ്യക്തിക്ക് മാത്രമായി ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നത് അനാവശ്യ കീഴ്വഴക്കങ്ങൾക്കും, കോടതി വ്യവഹാരങ്ങൾക്കും വഴിവെക്കുകയും അതുവഴി സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തി വയ്ക്കുന്നതുമാണ്. മാത്രമല്ല യുക്തിസഹമല്ലാത്ത ഓപ്ഷൻ തെരെഞ്ഞെടുത്തതുമൂലം ശമ്പളത്തിൽ കുറവ് വരുന്നതിന് റീ-ഓപ്ഷൻ അനുവദിച്ച് പരിഹരിക്കാനാവില്ല. ഈ സാഹചര്യത്തിൽ ശ്രീ.വി.ജെ.തോമസ് 2004 ശമ്പള പരിഷ്കരണത്തിന് റീ-ഓപ്ഷൻ അനുവദിക്കാനാവില്ല.

4. മേൽസാഹചര്യത്തിൽ ശ്രീ.വി.ജെ.തോമസിന്റെ 2004 ലെ ശമ്പള പരിഷ്കരണ ഓപ്ഷൻ തിരുത്തി സമർപ്പിക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്ന Exhibit P9 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 40904/2023 മേലുള്ള 12.09.2024 തീയതിയിലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

ശ്രീ. വി. ജെ. തോമസ്, പുളിമൂട്ടിൽ, ആറാട്ടുവഴി, ആലപ്പുഴ 688001

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 16-01-2025 16:07:06
സെക്ഷൻ ഓഫീസർ